**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 499** **17-09-2025 - ൽ മറുപടിയ്ക്ക്**

**മണലൂർ പഞ്ചായത്തിലെ വായനശാലകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ കെ എൻ ബാലഗോപാൽ**<br>**(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മണലൂർ എം.എൽ.എ. യുടെ 2024-25 വർഷത്തെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് മണലൂർ പഞ്ചായത്തിലെ മണലൂർ യുവജന സമിതി വായനശാല, വാടാനപ്പള്ളി പഞ്ചായത്തിലെ വാടാനപ്പള്ളി യുവജന സംഘം വായനശാല എന്നിവയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് 18 ലക്ഷം രൂപ വീതം വിനിയോഗിക്കുന്നതിന് പ്രത്യേകാനുമതി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (എ) | മണലൂർ എം.എൽ.എ യുടെ 2024-25 സാമ്പത്തിക വർഷത്തെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് മണലൂർ പഞ്ചായത്തിലെ മണലൂർ യുവജന സമിതി വായനശാല, വാടാനപ്പള്ളി പഞ്ചായത്തിലെ വാടാനപ്പള്ളി യുവജന സംഘം വായനശാല എന്നിവയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് 18 ലക്ഷം രൂപ വീതം വിനിയോഗിക്കുന്നതിന് **16.09.2025 ലെ സ.ഉ(സാധാ)നം.7417/2025/ധന. ഉത്തരവ് പ്രകാരം പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.** |

സെക്ഷൻ ഓഫീസർ

**"ഭരണഭാഷ - മാതൃഭാഷ"**

# കേരള സർക്കാർ

<u>സംഗ്രഹം</u>

ധനകാര്യവകുപ്പ് - ആസ്തിവികസന പദ്ധതി - 2024-25- തൃശ്ശൂർ ജില്ല - മണലൂർ നിയോജകമണ്ഡലം - "മണലൂർ പഞ്ചായത്തിലെ മണലൂർ യുവജന സമിതി പൊതുവായനശാല പുതിയ കെട്ടിടം നിർമ്മാണം, വാടാനപ്പള്ളി പഞ്ചായത്തിലെ വാടാനപ്പള്ളി യുവജനസംഘം വായനശാല പുതിയ കെട്ടിടം നിർമ്മാണം" എന്ന പ്രവൃത്തികൾക്ക് ഭരണാനുമതി പുറപ്പെടുവിക്കുന്നതിന് പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

---

**ധനകാര്യ (നോഡൽ സെന്റർ-സി) വകുപ്പ്**

**സ.ഉ.(സാധാ)നം.7417/2025/ധന** **തിരുവനന്തപുരം,തീയതി: 16-09-2025**

പരാമർശം : 1. 04/08/2018 ലെ സ.ഉ (അ)നം. 119/2018/ ധന. ഉത്തരവ്

2. ബഹു.മണലൂർ നിയോജകമണ്ഡലം എം.എൽ.എ ശ്രീ.മുരളി പെരുനെല്ലി അവർകൾ 20/01/2025 ന് ബഹു ധനകാര്യ മന്ത്രിയ്ക്ക് നൽകിയ 430/2025/മണലൂർ. നം കത്ത്

3. തൃശ്ശൂർ ജില്ലാ കളക്ടറുടെ 18/07/2025-ലെ LSGD/JD/TSR/517/2024-F6 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

മണലൂർ നിയോജക മണ്ഡലത്തിലെ 2024-25 സാമ്പത്തികവർഷത്തെ എം.എൽ.എ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പതിനെട്ട് ലക്ഷം രൂപ വീതം വിനിയോഗിച്ച് "മണലൂർ പഞ്ചായത്തിലെ മണലൂർ യുവജന സമിതി പൊതുവായനശാല പുതിയ കെട്ടിടം നിർമ്മാണം, വാടാനപ്പള്ളി പഞ്ചായത്തിലെ വാടാനപ്പള്ളി യുവജനസംഘം വായനശാല പുതിയ കെട്ടിടം നിർമ്മാണം" എന്നീ പ്രവൃത്തികൾക്ക് ഭരണാനുമതി പുറപ്പെടുവിക്കുന്നതിന് പ്രത്യേകാനുമതി ലഭ്യമാക്കണമെന്ന് ബഹു. മണലൂർ നിയോജകമണ്ഡലം എം.എൽ.എ. ശ്രീ.മുരളി പെരുനെല്ലി അവർകൾ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2) ബഹു. മണലൂർ നിയോജകമണ്ഡലം എം.എൽ.എ ശുപാർശ ചെയ്തിട്ടുള്ള വായനശാലകളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകളും വായനശാലകൾ ലൈബ്രറി കൗൺസിലിൽ രജിസ്റ്റർ ചെയ്തതിന്റെ സാക്ഷ്യപത്രങ്ങളുടെ പകർപ്പുകളും മറ്റനുബന്ധ രേഖകളും പരാമർശം (3) പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മണലൂർ നിയോജകമണ്ഡലത്തിലെ 2024-25 സാമ്പത്തിക വർഷത്തെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പതിനെട്ട് ലക്ഷം രൂപ വീതം വിനിയോഗിച്ച് മണലൂർ പഞ്ചായത്തിലെ മണലൂർ യുവജന സമിതി പൊതുവായനശാല പുതിയ കെട്ടിടം നിർമ്മാണം, വാടാനപ്പള്ളി പഞ്ചായത്തിലെ വാടാനപ്പള്ളി യുവജനസംഘം വായനശാല പുതിയ കെട്ടിടം നിർമ്മാണം എന്നീ പ്രവൃത്തികൾക്ക് ഭരണാനുമതി പുറപ്പെടുവിക്കുന്നതിന്, ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന

വായനശാല കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമി പൊതു ഉടമസ്ഥതയിലുള്ളതല്ലെങ്കിൽ, **'ടി വായനശാലകൾ പ്രവർത്തനം അവസാനിപ്പിക്കുന്ന സാഹചര്യമുണ്ടായാൽ ടി കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം സർക്കാരിലേക്ക് വന്നു ചേരുന്നതായിരിക്കും'** എന്ന് ബന്ധപ്പെട്ട ലൈബ്രറി അധികാരികളുടെ സമ്മതപത്രം **നിയമപരമായി വാങ്ങേണ്ടതാണ്** എന്ന കർശന വ്യവസ്ഥയിൽ, പരാമർശം (1) പ്രകാരമുള്ള ഉത്തരവിലെ മാർഗ്ഗരേഖയിലെ അനുവദനീയമായ പ്രവൃത്തികളുടെ ലിസ്റ്റിൽ ഇളവു വരുത്തി പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**കെ. അനിൽ കുമാർ**
**അഡീഷണൽ സെക്രട്ടറി**

പകർപ്പ് :-

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II) കേരള, തിരുവനന്തപുരം
3. ശ്രീ. മുരളി പെരുനെല്ലി. ബഹു എം.എൽ എ മണലൂർ നിയോജകമണ്ഡലം
   പെരുനെല്ലി വീട്, ഊരകം, പതിയാർക്കുളങ്ങര പി.ഒ, പറപ്പൂർ, തൃശ്ശൂർ - 680552
4. ജില്ലാ കളക്ടർ, തൃശ്ശൂർ
5. ജില്ലാ ട്രഷറി ഓഫീസർ, തൃശ്ശൂർ
6. നോഡൽ ഓഫീസർ www.finance.kerala.gov.in
7. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (നം.3053155)

**ഉത്തരവിൻ പ്രകാരം**

Archana

**അക്കൗണ്ട്സ് ഓഫീസർ**